# തിരൂർ നഗരസഭ

ആർ4.02/2014

തിരൂർ, തിയതി: 25/01/2014

## ലേലം/ക്വട്ടേഷൻ നോട്ടീസ്

2014-15 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ളതും താഴെ പട്ടികയിൽ ചേർത്തിട്ടുള്ളതുമായ വസ്തു വകകളിൽ നിന്നും ഫീസ് പിരിച്ചെടുക്കുന്നതിനും നഗരസഭാ അതിർത്തിക്കുള്ളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് (സിനിമാ പരസ്യങ്ങൾ ഒഴികെ) പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശവും നിലവിലുള്ള ലേല നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി **13.02.2014** ന് രാവിലെ **11.00** മണിക്ക് മുനിസിപ്പൽ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്യുന്നതായിരിക്കും. കൂടാതെ അന്നേ ദിവസം 11.00 മണിക്ക് മുമ്പായി നിരതദ്രവ്യം സഹിതം സീൽ വെച്ച ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് ഏതിനത്തിനുള്ള ക്വട്ടേഷനാണെന്നും, ക്വട്ടേഷൻ സമർപ്പിക്കുന്നവരുടെ മേൽവിലാസവും വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ അതാതിന് നേരെ കാണിച്ച പ്രകാരം സോൾവൻസി സർട്ടിഫിക്കറ്റും, നിരതദ്രവ്യവും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ലേല സമയത്തിന് മുമ്പായി ഹാജരാക്കേണ്ടതാണ്. ലേലത്തിന് ശേഷം ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കൂടുതൽ സംഖ്യക്കുള്ള ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ 1/8 ഭാഗം അപ്പോൾ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും, ലേലം/ക്വട്ടേഷൻ കൗൺസിൽ അംഗീകരിച്ച് അറിയിപ്പ് നൽകുന്ന മുറയ്ക്ക് ലേല തുകയുടെ 1/3 ഭാഗവും, 1 ലക്ഷം വരെയുള്ള ലേല തുകയുടെ 50% വും, 50000/- രൂപ വരെയുള്ള ലേലതുക ഒരുമിച്ചും ഡെപ്പോസിറ്റായി അടവാക്കേണ്ടതും, നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ ആവശ്യമായ കരാർ ഉടമ്പടി വെച്ച് അവകാശം ഏറ്റെടുക്കേണ്ടതുമാണ്. കൂടാതെ കേന്ദ്ര സർക്കാറിന്റെ ആദായ നികുതി ഓഫീസിലേക്ക് അടവാക്കേണ്ടതായിട്ട് വിളിച്ച ലേല തുകയുടെ 2.06% ആദായ നികുതി കൂടി നഗരസഭയിൽ അടവാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

| ക്രമ നം. | ഇനവിവരം | സോൾവൻസി/ എഫ്.ഡി.ആർ | നിരതദ്രവ്യം |
|---|---|---|---|
| 1. | മാർക്കറ്റ് ഫീസ് പിരിവ് (ഹോൾസെയിൽ) | 3 ലക്ഷം രൂപ | 10,000 |
| 2. | മാർക്കറ്റ് ഫീസ് പിരിവ് (റീട്ടെയിൽ) | 3 ലക്ഷം രൂപ | 10,000 |
| 3. | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 3 ലക്ഷം രൂപ | 10,000 |
| 4. | ടാക്സി സ്റ്റാന്റ് ഫീസ് പിരിവ് | 1 ലക്ഷം രൂപ | 10,000 |
| 5. | പഴയ ബസ്സ്റ്റാന്റ് പരിസരം പാർക്കിംഗ് ഫീസ് പിരിവ് | 1 ലക്ഷം രൂപ | 10,000 |
| 6. | ഇ.എം.എസ് പാർക്ക്പരിസരം പാർക്കിംഗ് ഫീസ് പിരിവ് | 1 ലക്ഷം രൂപ | 10,000 |
| 7. | പരസ്യ നികുതി പിരിവ് | 1 ലക്ഷം രൂപ | 10,000 |